(ബി) കാറ്റ്, തിരമാല, സൂര്യപ്രകാശം എന്നിവയിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വേണ്ടിവരുന്ന ചെലവ് ഏതു രീതിയാണെന്നാണ് പഠനത്തിലൂടെ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ യാഥാർത്ഥ്യമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) ഇപ്പോൾ എന്നാൽ സംസ്ഥാനത്ത് കാറ്റിൽ നിന്ന് വൈദ്യുതോല്പാദനത്തിന് വേണ്ട അനുബന്ധ പ്രസരണ ശൃംഖല വികസിപ്പിച്ചെടുക്കുന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 3-7-2007-ൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും power evacuation-ന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സഹായം നല്കിയിട്ടില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 2013-ൽ പുറത്തിറക്കിയ Power Procurement from Renewable Sources by Distribution Licensee Regulation പ്രകാരം കാറ്റിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് 575 ലക്ഷം രൂപയും, സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിനുള്ള ചെലവ് 31-3-2015-ലെ Central Electricity Regulatory Commission (CERC) order-ലെ കണക്കുകൾ പ്രകാരം 605.85 ലക്ഷം രൂപയും ആണ്. തിരമാലയിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിനുള്ള പദ്ധതികൾ നിലവിലില്ലാത്തതിനാൽ ചെലവ് കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് തിരമാലയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നിലവിലില്ല. കാറ്റ്, സൂര്യപ്രകാശം എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ചിട്ടി സെക്യൂരിറ്റി ഇടപ്പ് പലിശ

10 (*340) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടി സെക്യൂരിറ്റി ഇടപ്പ് പലിശ പിടിക്കാത്തതുമൂലം കെ.എസ്.എഫ്.ഇ.-ക്ക് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

* ചോദ്യം ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണക്കാർക്കും ഗ്രാമീണർക്കുമടക്കം സാമ്പത്തിക ബാദ്ധ്യതയുടെ ഭാഗമായി ലോണും മറ്റും നൽകുന്നതിന് ഇതുമൂലം കുറവുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി സെക്യൂരിറ്റി ഇക ഗാരന്റി നൽകി ഏതെങ്കിലും സ്ഥാപനത്തിന് ലോൺ ലഭ്യമാക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ഡി) ചിട്ടിയുടെ സെക്യൂരിറ്റി ഇകയ്ക്ക് പരിധി ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ&ബി) നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കാവുന്നതല്ല. ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾക്കുള്ള പരിധി, ചിട്ടി തിരുന്നമുറയ്ക്ക് കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭിക്കുന്നുണ്ട്. ഇതുമൂലം വായ്പയും മറ്റും നൽകുന്നതിൽ കുറവുണ്ടായിട്ടില്ല.

(സി) കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി സെക്യൂരിറ്റി ഇക ഗാരന്റി നൽകി ഒരു സ്ഥാപനത്തിനും ലോൺ ലഭ്യമാക്കിയിട്ടില്ല.

(ഡി) ചിട്ടി സെക്യൂരിറ്റി നിക്ഷേപത്തിനുള്ള പരിധി, ചിട്ടി തീരുന്നമുറയ്ക്ക് കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭിക്കുന്നുണ്ട്. ചിട്ടി സെക്യൂരിറ്റി ഇകയ്ക്കുള്ള പരിധി പ്രതിമാസം ലഭിക്കുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി

11 (*341) ശ്രീ. ആർ . സെൽവരാജ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. പി. കെ. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ നേതൃത്വത്തിൽ ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തൊക്കെ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly